സർക്കാർ ഹൈസ്കൂൾ, വെട്ടത്തൂർ	-	79,000
സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ, വെട്ടത്തൂർ	-	1,08,500
സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ, ഉഗ്രപുരം	-	97,900
ആകെ		2,85,400

ഭൂഗർഭ ജലം ഉപയോഗപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾ

227(2696) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലം ഉപയോഗപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതികൾ വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി, വരൾച്ച ദുരിതാശ്വാസ പദ്ധതി, എം.എൽ.എ.എസ്.ഡി.എഫ്., എം.പി.എൽ.എ.ഡി., എ.ആർ.ഡബ്ല്യു. എസ്.എസ്. തിരുതല പഞ്ചായത്ത്/മറ്റു സർക്കാർ വകുപ്പുകളുടെ ഡെപ്പോസിറ്റ് പദ്ധതി എന്നിവയിലുൾപ്പെടുത്തി ഭൂഗർഭ ജലം ഉപയോഗപ്പെടുത്തിയുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പാക്കി വരുന്നു.

(ബി) മറ്റു കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്ത സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള കുടിവെള്ളം കുറഞ്ഞ ചെലവിൽ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. രാജീവ്ഗാന്ധി പദ്ധതിയിലുൾപ്പെടുത്തി

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന തുക വരൾച്ചാദുരിതാശ്വാസ പദ്ധതിക്കായി സർക്കാർ അനുവദിക്കുന്ന പ്രത്യേക തുക, എം.എൽ.എ. എസ്.ഡി.എഫ്., എം.പി.എൽ.എ. ഡി, എ.ആർ.ഡബ്ല്യു.എസ്.എസ്. എന്നിവയിലുൾപ്പെടുത്തി ജില്ലാ കളക്ടർ അനുവദിക്കുന്ന തുക ത്രിതല പഞ്ചായത്ത്/സർക്കാർ വകുപ്പുകൾ ഡെപ്പോസിറ്റ് ചെയ്യുന്ന തുക എന്നിവ ഉപയോഗിച്ചാണ് ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നത്. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതും മറ്റ് കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്തതുമായ പ്രദേശങ്ങളിൽ കുഴൽക്കിണർ നിർമ്മിച്ച് ചെറുകിട കുടിവെള്ള പദ്ധതികളും ജല ലഭ്യത കുറഞ്ഞ കിണറുകളിൽ കൈപമ്പ് സ്ഥാപിച്ച് കുടിവെള്ള സംവിധാനവും നടപ്പാക്കുക എന്നതാണ് ഈ പദ്ധതിയിൽക്കൂടി ഉദ്ദേശിക്കുന്നത്.

(സി) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിപ്രകാരം 2012-13-ൽ 10 കോടി രൂപയും 2013-14-ൽ 4 കോടി രൂപയും 2014-15-ൽ 8.45 കോടി രൂപയും ഭൂജല വകുപ്പിന് ലഭ്യമാക്കിയിരുന്നു. ഇതിൽ 9.94, 3.96, 8.44 കോടി രൂപ യഥാക്രമം ചെലവഴിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം 2 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്.

ഗ്രൗണ്ട് വാട്ടർ സ്രോതസ്സുകളുടെ റീ-ചാർജിംഗ്

228(2697) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിലൂടെയും സ്ഥാപനങ്ങളിലൂടെയും ഊറ്റിയെടുക്കപ്പെടുന്ന ഭൂജല സ്രോതസ് റീ-ചാർജ് ചെയ്യാൻ എന്തെല്ലാം നടപടികളാണുള്ളത്; ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എപ്രകാരമാണ് ഇത് നടപ്പിലാക്കുന്നത് ;

(ബി) കെട്ടിടങ്ങളുടെ നിർമ്മാണഘട്ടത്തിൽ തന്നെ ഭൂജലസ്രോതസ് റീചാർജ് ചെയ്യുന്നതിനായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇപ്രകാരം കെട്ടിടങ്ങളിൽ ഗ്രൗണ്ട് വാട്ടർ റീ-ചാർജ്ജിംഗിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് പറയുമോ ;

(സി) കുറഞ്ഞ നിരക്കിൽ വാട്ടർ റീ-ചാർജിംഗ് സംവിധാനം ഒരുക്കിയും സബ്സിഡി അടക്കം നൽകിയും പാഴായി പോകുന്ന മഴവെള്ളം ഭൂമിക്കടിയിലെത്തിക്കാൻ നടപടി സ്വീകരിക്കുമോ ?

GPM. 2/242/2020-42

LIBRARY ARCHIVES Kerala Legislative Assembly